**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3955** **15-07-2022 - ൽ മറുപടിയ്ക്ക്**

**അങ്കണവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന അങ്കണവാടികളിൽ കെട്ടിടം ഇല്ലാത്ത സ്ഥാപനങ്ങൾക്ക് സ്വന്തം കെട്ടിടവും അടിസ്ഥാന സൗകര്യവും ഒരുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | (എ) വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലവും വകുപ്പ് വിഹിതത്തിന് പുറമെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും വകയിരുത്തി ഭരണസമിതി തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പിന്റെ സ്മാർട്ട് അങ്കണവാടി, MGNREGS പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വകുപ്പിന്റെ നവീകരണ പദ്ധതികളിൽ ഉൾപ്പെടുത്തി അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തെ 200 അങ്കണവാടികൾക്ക് 50,000/- രൂപ നിരക്കിൽ ശിശു സൗഹൃദ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനും, 406 അങ്കണവാടികളിൽ വൈദ്യുതീകരണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അങ്കണവാടികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ; | (ബി) | (ബി) സ്വന്തമായി കെട്ടിടം ഇല്ലാത്ത 6948 അങ്കണവാടികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് പുറമേ സ്കൂൾ കെട്ടിടങ്ങളിൽ 390 അങ്കണവാടികളും വാടകരഹിത കെട്ടിടങ്ങളിൽ 1417 അങ്കണവാടികളും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ഭക്ഷ്യവസ്തുക്കൾ അങ്കണവാടിയിൽ സൂക്ഷിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ എല്ലാ അംഗൻവാടിയിലും സജ്ജമാണോ; വിശദമാക്കാമോ? | (സി) | (സി) ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്നതിന് എല്ലാ അങ്കണവാടികളിലും സ്റ്റോക്ക് റൂം സജ്ജമാക്കിയിട്ടുണ്ട്. ഉച്ചഭക്ഷണത്തിന് ആവശ്യമായ അരി സൂക്ഷിക്കുന്നതിന് പ്രത്യേകം ധാന്യപ്പെട്ടി എല്ലാ അങ്കണവാടികളിലും നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് ഭക്ഷ്യവസ്തുക്കൾ / ധാന്യങ്ങൾ ഉണക്കി ഇനം തിരിച്ച് വൃത്തിയായി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകുകയും ഇതിനായി പ്രത്യേകം ഫുഡ് കണ്ടെയ്നറുകൾ എല്ലാ അങ്കണവാടികളിലും |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുമുണ്ട്. പരമാവധി മൂന്ന് മാസത്തേയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ മാത്രമേ അങ്കണവാടികളിൽ സൂക്ഷിക്കാറുള്ളൂ. |

സെക്ഷൻ ഓഫീസർ